കോടി രൂപ കൊടുക്കേണ്ടത് സ്റ്റേറ്റ് സഹകരണ ബാങ്കാണ്. സംസ്ഥാന സഹകരണ ബാങ്ക് അത് കൊടുക്കുവാൻ തീരുമാനിച്ചു. അത് ജില്ലാ സഹകരണ ബാങ്ക് വഴിയേ കൊടുക്കുകയുള്ളൂ എന്നു പറയുന്നു. അതിന് വച്ച വ്യവസ്ഥ ജില്ലാ ബാങ്കിന് സ്വീകാര്യമല്ല. അതുകൊണ്ട് നീണ്ടുപോവുകയാണ്. 200 പേർ 25,000 രൂപ വീതം ഷെയർ എടുത്താണ് ഈ വലിയ വ്യവസായ സ്ഥാപനം ഗ്രാമപ്രദേശത്ത് വിഭാവന ചെയ്തത്. 120 പേർക്ക് ട്രെയിനിംഗ് കഴിഞ്ഞിരിക്കുകയാണ്. ടേം ലോൺ കിട്ടിയാൽ നാല് മാസത്തിനകം ഈ വ്യവസായ സ്ഥാപനത്തെ പ്രവർത്തിപ്പിക്കുവാൻ കഴിയും. വ്യവസായ വകുപ്പുമന്ത്രി അടിയന്തിരമായി ഈ പ്രശ്നത്തിൽ ഇടപെടണം. വ്യവസായ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും ചേർന്ന് കോൺഫറൻസ് വിളിച്ചുകൂട്ടി ഇത്ര പണി പൂർത്തിയായിരിക്കുന്ന ഈ സ്ഥാപനത്തെ എത്രയുംവേഗം പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മറുപടി പറയുന്നു. മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രോജക്ട് റിപ്പോർട്ടിന്റെ മൊത്തം മുതൽമുടക്ക് 805 ലക്ഷം രൂപയാണ്. ഇതിൽ ഗവൺമെന്റ് ഓഹരിയായി നിശ്ചയിച്ചിരിക്കുന്നത് 325 ലക്ഷം രൂപയാണ്. ഈ തുക മുഴുവൻ ഇതിനകം നൽകിക്കഴിഞ്ഞു. അംഗങ്ങളുടെ ഓഹരിയായി കണക്കാക്കിയത് 65.69 ലക്ഷം രൂപയായിരുന്നു. ബാക്കി തുക ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയായി സ്വരൂപിക്കുവാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. മില്ലിനുവേണ്ട പണം സമാഹരിക്കുവാൻ സ്ഥാപനത്തിലെ ഭരണാധികാരികൾക്ക് കഴിയാതിരിക്കുകയാണ് സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉൽപ്പാദനം ആരംഭിക്കുവാൻ തടസ്സമായിരിക്കുന്നു. ടേം ലോണിന്റെ അപേക്ഷ മാനേജ്മെന്റ് സംസ്ഥാന സഹകരണ ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വായ്പ സഹകരണ ബാങ്കിൽനിന്ന് ജില്ലാ ബാങ്ക് മുഖേനയാണ് ലഭ്യമാക്കുവാൻ ശ്രമിക്കുന്നത്. കാനറാബാങ്ക് അടക്കമുള്ള മറ്റു ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് ധനസഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സഹകരണവകുപ്പുമന്ത്രിയും വിദ്യാഭ്യാസവകുപ്പുമന്ത്രിയുമായി ഈ പ്രശ്നം ചർച്ചചെയ്ത് എത്രയുംപെട്ടെന്ന് മില്ല് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.

(2) സ്പെഷ്യലിസ്റ്റ് ടീച്ചർമാരുടെയും തുന്നൽ ടീച്ചർമാരുടെയും പ്രശ്നങ്ങൾ

ശ്രീ. എ. കണാരൻ : സർ, നമ്മുടെ സംസ്ഥാനത്തെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും റിട്ടയർമെന്റ് വേക്കൻസിയിൽ നിയമനം ലഭിച്ച 28 തുന്നൽ ടീച്ചർമാരുടെയും പ്രശ്നമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കണ്ണുനീരിൽ കഴിയുന്ന 28 തുന്നൽ ടീച്ചേഴ്സും 58 കായിക അദ്ധ്യാപകരും അടക്കം 86 പേരോട് നീതി കാണിക്കണമെന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുവാനുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്നുവർഷം കഴിഞ്ഞിരിക്കുകയാണ്. നീട്ടിക്കൊണ്ടുപോകരുതെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുന്നു. 1990 മുതൽ 1996 വരെ റിട്ടയർമെന്റ് വേക്കൻസികളിൽ നിയമനം ലഭിച്ച് അംഗീകാരം ലഭിക്കാത്ത 28 തുന്നൽ ടീച്ചേഴ്സുണ്ട്. അവർ ഇപ്പോൾ മാനസികമായും ശാരീരികമായും കുടുംബപരമായും തളർന്നിരിക്കുകയാണ്. അവരുടെ പ്രശ്നം സംസാരിക്കുമ്പോൾ പൊട്ടിക്കരച്ചിലിൽ അവസാനിക്കുന്നു. അതാണ് ഇപ്പോഴത്തെ അവസ്ഥ. പെൺകുട്ടികളും ആൺകുട്ടികളുമടക്കം 200 കുട്ടികളുണ്ട്. തുന്നൽ തസ്തികയ്ക്ക് അംഗീകാരം നൽകണമെന്ന് 25.11.1998-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശം നൽകിയിട്ടുണ്ട്. കായിക അദ്ധ്യാപകരുടെ സ്ഥിതിയും അതുതന്നെയാണ്. അവർക്ക് അംഗീകാരം കിട്ടിയിട്ടില്ല. രണ്ട് ഇനങ്ങളിലുംപെട്ട 86 പേരേ ഉള്ളൂ. അതിനുപറമേ 7 കൊല്ലം വരെ അദ്ധ്യാപക ജോലിചെയ്ത് ശമ്പളം വാങ്ങിയവർ ഇന്ന് പുറത്താണ്. ഓരോ കൊല്ലം കഴിയുമ്പോഴും കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് കാരണം അവർ പുറത്തുപോയിക്കൊണ്ടിരിക്കുന്ന അവസ്ഥ ഇപ്പോൾ നിലനിൽക്കുന്നു. 5 കൊല്ലവും ആറരക്കൊല്ലവും ജോലിചെയ്ത് ശമ്പളം വാങ്ങിയ അവരെ പട്ടിണിയിലേയ്ക്ക് തള്ളി വിടുന്നതിനെ ആർക്കാണ് ന്യായീകരിക്കുവാൻ കഴിയുക? 7 കൊല്ലം ജോലിചെയ്ത അദ്ധ്യാപകരെ തിരിച്ചെടുക്കുവാനുള്ള ഓർഡർ പുറപ്പെടുവിച്ചിരുന്നു. ആറരക്കൊല്ലം ആയതുകൊണ്ട് അവർക്ക് കിട്ടുന്നില്ല. പത്തോ ഇരുപത്തിയഞ്ചോ ദിവസം കുറവുണ്ടായതിനാൽ കിട്ടാത്തവരുണ്ട്. കെട്ടുതാലി അടക്കമുള്ള സ്വർണ്ണപ്പണ്ടവും താമസിക്കുന്ന പുരയിടവും എല്ലാം ജോലിയ്ക്കുവേണ്ടി. കുടുംബത്തിന്റെ ഭാവിയ്ക്കുവേണ്ടി വില്പന നടത്തി മാനേജ്മെന്റിന് കോഴ നൽകിയിട്ടാണ് അവർ ജോലിയിൽ പ്രവേശിച്ചത്. തുന്നൽ-കായിക പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സ്ഥിതി അതാണ്. പാവങ്ങളെ രക്ഷിക്കുവാൻ എൽ.ഡി.എഫ്. ഗവൺമെന്റ് നീതി കാണിക്കണം. നീതി കാണിക്കുമെന്ന വിശ്വാസത്തിലാണ് അവർ ഇന്ന് ജീവിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് നീതികാണിക്കുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പും ധനകാര്യ വകുപ്പുമന്ത്രി കാണിച്ച ദയാപൂർവ്വമായ അഭിപ്രായ പ്രകടനവുമാണ് അവർക്ക് ആശ്വാസം നൽകിയിട്ടുള്ളത്. തിരിച്ചെടുക്കൽ നടപടി നീണ്ടുപോകരുത്. വൈകി നൽകുന്ന നീതി നീതിനിഷേധിക്കലിന് തുല്യമാണ്. കാലിയായ ഖജനാവിൽനിന്നും ജീവനക്കാർക്ക് 1,020 കോടി രൂപ ചെലവാക്കി തൃപ്തികരമായി ശമ്പള പരിഷ്കരണം നടത്തിയതിനെ ഞാൻ എതിർക്കുന്നില്ല. പട്ടിണികിടക്കുന്ന ജനവിഭാഗങ്ങളെ രക്ഷിക്കുവാനുള്ള നടപടി ഗവൺമെന്റ് ഏറ്റവും വേഗത്തിൽ സ്വീകരിക്കണം. ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്, ദയാലുവായ ധനകാര്യവകുപ്പുമന്ത്രി ഇതിനുവേണ്ടി മുന്നോട്ടുവരണം. 1,020 കോടിരൂപ ശമ്പള പരിഷ്കരണത്തിനായി അനുവദിച്ചു. ആ വർദ്ധനവ് അംഗീകരിക്കുന്നുണ്ട്. പട്ടിണികിടന്ന് ഇഞ്ചിഞ്ചായി മരിച്ചു കൊണ്ടിരിക്കുന്ന തുന്നൽ-കായിക പ്രൊട്ടക്റ്റഡ് റ്റീച്ചർമാർക്ക് ആശ്വാസം പകരാനുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട എ. കണാരൻ വളരെ ഹൃദയസ്പൃക്കായി ഈ പ്രശ്നം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. 1990 മുതൽ 1996 വരെ തുന്നൽ ടീച്ചർമാർ എന്ന നിലയിൽ റിട്ടയർമെന്റ് വേക്കൻസിയിൽ നിയമനം ലഭിച്ചു. ശമ്പളം കിട്ടാത്ത പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ഒരു ടീച്ചർ റിട്ടയർചെയ്താൽ സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിന്റെ കാര്യത്തിൽ ചില നിബന്ധനകൾ പാലിക്കുന്നില്ലെങ്കിൽ ആ പോസ്റ്റ് ഇല്ലാതാകും എന്നതാണ് നിലവിലുള്ള ഉത്തരവ്.

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ ഉണ്ടായിരുന്ന ഒരു പോസ്റ്റ് എന്ന നിലയിൽ ആ വേക്കൻസികളിൽ കുറെ നിയമനങ്ങൾ നടന്നിട്ടുണ്ട്. കുട്ടികളുടെ എണ്ണം, മൊത്തത്തിൽ കുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം ഇവയൊക്കെ കണക്കാക്കിയിട്ടാണ് പോസ്റ്റ് നിലനിർത്തുന്നത്. 1989 വരെയുള്ള കേസ്സുകളിൽ തീരുമാനം ആയിട്ടുണ്ട്. 1989-നു ശേഷം ഇങ്ങനെ നിയമിക്കപ്പെട്ടവരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്നാണ്. കുറെ ടീച്ചേഴ്സ് ഇങ്ങനെ ജോലിചെയ്യുന്നുണ്ട്. അവരെ പ്രത്യേകം പരിഗണിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്നത്. ഇത് വിദ്യാഭ്യാസവകുപ്പ് പരിശോധിച്ചിട്ടുണ്ട്. അവരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്നുള്ള വിഷയം ഗവൺമെന്റിന്റെ പരിഗണനയിലാണ്. എളുപ്പം ഒരു തീരുമാനം ഉണ്ടാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(3) മത്സ്യത്തൊഴിലാളി ഫെഡറേഷൻ ഭാരവാഹികളുടെ സത്യാഗ്രഹ സമരം

<u>ശ്രീ. പി. രാജു</u> : സർ, കേരളാ സ്റ്റേറ്റ് മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ, എ.ഐ.ടി.യു.സി. യുടെ ആഭിമുഖ്യത്തിൽ എന്റെയും ശ്രീ. കെ.പി. രാജേന്ദ്രൻ എം.എൽ.എ. യുടേയും നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സംസ്ഥാന ഭാരവാഹികൾ മത്സ്യഫെഡ് ഓഫീസിനു മുമ്പിൽ രാവിലെ 10.30 മണി മുതൽ സമരം ആരംഭിച്ചിരിക്കുകയാണ്. ഇടതുമുന്നണി സർക്കാരിന്റെ പ്രഖ്യാപിത നയത്തിനെതിരായി മത്സ്യഫെഡും ഫിഷറീസ് വകുപ്പും നടത്തുന്ന പ്രവർത്തനത്തിനെതിരായിട്ടാണ് ഈ സമരം. മത്സ്യഫെഡിൽ എ.ഐ.ടി.യു.സി. യുടെ മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾക്ക് അഫിലിയേഷൻ നൽകാത്തതിനെത്തുടർന്നാണ് ഇന്ന് ഞങ്ങൾ സമരം ആരംഭിച്ചിരിക്കുന്നത്. കേരളത്തിൽ എ.ഐ.ടി.യു.സി. യുടെ നേതൃത്വത്തിൽ 49 മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് എല്ലാ പ്രവർത്തനങ്ങളും തീർത്ത്, ഒരു ന്യൂനതകളുമില്ലാതെ മത്സ്യഫെഡിനു 7.1.1997-ൽ സമർപ്പിച്ച അപേക്ഷകളിന്മേലാണ് തീരുമാനമെടുക്കാതെ അനന്തമായി മൽസ്യഫെഡ് നീട്ടിക്കൊണ്ടു പോകുന്നത്. ഈ നിയമസഭയിൽ തന്നെ ഫിഷറീസ് വകുപ്പുമന്ത്രി രണ്ടു പ്രാവശ്യം പറഞ്ഞത്, ഇതിനു രജിസ്ട്രേഷൻ കൊടുക്കാനാവശ്യമായ, അഫിലിയേഷൻ കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ്. എന്നു പറഞ്ഞിട്ടുപോലും നടപടി സ്വീകരിക്കാതെ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുകയും അതുവഴി ഈ സംസ്ഥാനത്ത് നിയമാനുസൃതം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ കീഴിലുള്ള സംഘങ്ങളെയും ഈ മത്സ്യഫെഡിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യാനുള്ള ശ്രമം നടത്തുകയാണ്. ഇന്നു മുതൽ ആരംഭിക്കുന്ന സമരം 14-ാം തീയതി വരെ മത്സ്യഫെഡ് ഓഫീസിനു മുമ്പിൽ തുടരും. ഓരോ ദിവസവും ഓരോ ജില്ലയിൽ നിന്നുള്ള ഞങ്ങളുടെ സഖാക്കൾ പങ്കെടുക്കും. അതിൽ തീരുമാനം എടുക്കുന്നില്ലെങ്കിൽ 15-ാം തീയതി മുതൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം മത്സ്യഫെഡ് ഓഫീസിനു മുന്നിൽ നടത്താനാണ് മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സംസ്ഥാന നേതൃത്വം തീരുമാനിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ ഇനിയും കാലതാമസമില്ലാതെ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം, മന്ത്രിസഭയിലെ പ്രായം ചെന്ന മന്ത്രി എന്ന നിലയിൽ, പരിചയസമ്പന്നനായ മന്ത്രി എന്ന നിലയിൽ ഇടപെട്ട് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly